**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5465** **21-07-2022 - ൽ മറുപടിയ്ക്ക്**

**പാലുല്പന്നങ്ങളുടെ മേൽ ജി.എസ്.ടി. ചുമത്തിയ കേന്ദ്ര നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പാലിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനം പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിക്കുന്നതിനും കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്. പാൽ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിൽക്കുന്നതിന് ക്ഷീര സംഘങ്ങൾക്കും ധനസഹായം നൽകുന്നുണ്ട്. ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ക്ഷീര സംഘങ്ങൾ മുഖേന വിപണനം ചെയ്തു വരുന്നുണ്ട്. കൂടാതെ ക്ഷീര പരിശീലന കേന്ദ്രങ്ങൾ മുഖേന വ്യക്തികൾക്കും, ഗ്രൂപ്പുകൾക്കും ചെറുകിട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പരിശീലനവും നൽകി വരുന്നു. ഇത്തരം ചെറുകിട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ പ്രദേശികമായി പല സ്ഥലങ്ങളിലും വിജയകരമായി പ്രവർത്തിച്ചുവരുന്നു.<br><br>പാലിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് മിൽമ പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.<br><br>വിതരണത്തിനു ശേഷം വരുന്ന പാൽ സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കുന്നതിന് വിവിധ പദ്ധതികൾ മേഖലായൂണിയനുകൾ നടപ്പിലാക്കി വരുന്നുണ്ട്. ഉൽപന്ന വൈവിധ്യവത്കരണത്തിന്റെ ഭാഗമായി മേഖല സഹകരണ ക്ഷീരോല്പാദക യൂണിയന്റെ ഒരു ആട്ടോമാറ്റഡ് പനീർ നിർമ്മാണ യൂണിറ്റ് തിരുവനന്തപുരം ജില്ലയിൽ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. എറണാകുളം മേഖലാ യൂണിയന്റെ കീഴിലുള്ള എറണാകുളം, കോട്ടയം, തൃശ്ശൂർ ഡയറികളിൽ തൈര്, സംഭാരം, നെയ്യ് എന്നിവയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടിക്രമങ്ങൾ നടന്നു വരുന്നു. ബട്ടർ, പേഡ, പനീർ, പായസം മിക്സുകൾ എന്നീ അനുബന്ധ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് ഇടപ്പള്ളിയിൽ ഒരു പ്രോഡക്ട്സ് ഡയറി യൂണിറ്റ് നിലവിലുണ്ട്. പുതിയതരം ഫ്ലേവറുകളിലുള്ള (ഫാഷൻ ഫ്രൂട്ട്, കരിക്ക് മുതലായവ) ഐസ്ക്രീമുകൾ, കാരറ്റ് പേഡ, പനീർ, പായസം മിക്സുകൾ (പാലട, വെർമസെലി, കരിക്ക് മുതലായവ) എന്നിവ പുതിയതായി വിപണിയിലിറക്കുന്നതിനും എറണാകുളം മേഖലാ യൂണിയന് സാധിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയിൽ പാലിന്റേയും പാലുല്പന്നങ്ങളുടേയും ഉപയോഗവും വിപണനവും വിപുലീകരിക്കുന്നതിനായി ക്ഷീരസംഘങ്ങളിൽ മിൽമ ഷോപ്പികൾ ആരംഭിച്ച് വിപണനം നടത്തി വരുന്നു. 2020-21 വർഷത്തിൽ 22 ക്ഷീരസംഘങ്ങളിൽ മിൽമ ഷോപ്പികൾ പ്രവർത്തനം ആരംഭിച്ചു. മലബാർ മേഖലയിൽ പാലുൽപാദനം ഗണ്യമായി വർദ്ധിക്കുന്ന സാഹചര്യമുള്ളതിനാൽ ഇനിയും വർദ്ധിച്ചേക്കാവുന്ന പാൽ കൈകാര്യം ചെയ്യുന്നതിനും മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുവാനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ ജോലികൾ പുരോഗമിക്കുന്നു. ഈ പദ്ധതികളിൽ മലപ്പുറത്ത് മൂർക്കനാട്, നിർമ്മാണ ജോലികൾ പുരോഗമിച്ച് വരുന്ന പാൽപ്പൊടി നിർമ്മാണ ഫാക്ടറി, വയനാട് ജില്ലയിൽ സ്ഥാപിതമായ കണ്ടൻസിംഗ് പ്ലാന്റ് എന്നിവ ഉൾപ്പെടുന്നു. |
| (ബി) | പാലുല്പന്നങ്ങളുടെ മേൽ ജി.എസ്.ടി. ചുമത്തിയ അശാസ്ത്രീയമായ കേന്ദ്ര നടപടി ക്ഷീരകർഷകരെയും ക്ഷീരമേഖലയെയും ബാധിക്കാതിരിക്കാനും സംസ്ഥാനത്ത് മേൽ തീരുമാനത്തെ മറികടക്കാനും സ്വീകരിക്കുവാൻ പോകുന്ന നടപടികൾ വ്യക്തമാക്കാമോ? | (ബി) | മിൽമയുടെ പാലുൽപന്നങ്ങളുടെ മേൽ ജി.എസ്.ടി ചുമത്തുന്ന നടപടി കർഷക ക്ഷേമ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ്. മിൽമ ഏകദേശം 200000 ലിറ്റർ പാൽ ദിവസേന വിവിധ മൂല്യവർദ്ധിത ഉൽപന്നങ്ങളായി മാറ്റുന്നുണ്ട്. മൂല്യവർദ്ധിത ഉൽപന്നങ്ങളിൽ ജി.എസ്.ടി ചുമത്തുമ്പോൾ യൂണിയനുകളുടെ ഉൽപന്നങ്ങളുടെ വിൽപ്പന കുറയാനിടയുണ്ട്. അത്തരത്തിൽ വിൽപ്പന കുറയുന്ന പക്ഷം യൂണിയനുകളുടെയും ലാഭത്തിൽ ഗണ്യമായ കുറവുണ്ടാവുകയും കർഷകർക്കു നൽകി വരുന്ന വിവിധ ആനുകൂല്യങ്ങളിൽ അത് പ്രതിഫലിക്കുകയും ചെയ്യുന്നതാണ്.<br><br>മൂല്യവർദ്ധിതോല്പന്നങ്ങൾക്ക് ജി.എസ്.ടി ചുമത്തുമ്പോൾ പാലുല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിന് നിർബന്ധിതമാകുന്ന സാഹചര്യം സംജാതമാകും. ഇത്തരത്തിൽ വില വർദ്ധിപ്പിക്കുമ്പോൾ ഉൽപന്നങ്ങളുടെ വിൽപ്പന കുറയുകയും, ഉപഭോക്താക്കൾ ബ്രാന്റഡ് ഉൽപന്നങ്ങളിൽ നിന്നും നിലവാരം കുറഞ്ഞ |

| | | | |
|---|---|---|---|
| | | | ബ്രാന്റഡല്ലാത്ത ഉൽപന്നങ്ങൾ വാങ്ങാൻ നിർബന്ധിതരാകും. ഇത് മൂല്യവർദ്ധിതോൽപന്നങ്ങളുടെ വിപുലീകരണത്തിലൂടെ കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിനുള്ള മിൽമയുടെ ശ്രമങ്ങളെ നിർവീര്യമാക്കും.<br><br>ടി കാരണങ്ങളാൽ പാലുൽപന്നങ്ങളുടെ മേൽ ജി.എസ്.ടി ചുമത്തിയിരിക്കുന്ന നടപടി ഒഴിവാക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ